പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5759 | 29.7.2015-ലെ മറുപടിക്ക്

ജയിലുകളിൽ ഭക്ഷ്യോല്പാദന യൂണിറ്റുകളും "സംരക്ഷ" സംരംഭവും

ചോദ്യം | മറുപടി

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.പി.എ.മാധവൻ
ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളിൽ ഭക്ഷ്യോല്പാദന യൂണിറ്റുകളും "സംരക്ഷ" സംരംഭവും ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ ജയിലുകളിലും, കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ ജയിലുകളിലും, ചീമേനി തുറന്ന ജയിൽ, സ്പെഷ്യൽ സബ് ജയിൽ, പൂജപ്പുര എന്നിവിടങ്ങളിലും ഭക്ഷ്യോല്പന്ന യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഭക്ഷ്യോല്പന്ന സംരംഭമാണ് 'സംരക്ഷ'. കൂടാതെ 'സംരക്ഷ' എന്ന പേരിൽ കുട, റെഡിമെയ്ഡ് ഷർട്ട് എന്നിവയും നിർമ്മിക്കുന്നുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) തടവുകാർക്ക് തൊഴിലധിഷ്ഠിത പരിശീലനവും, പൊതുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് ഗുണ നിലവാരമുള്ള ഭക്ഷണസാധനങ്ങൾ ലഭ്യമാക്കുകയെന്നതുമാണ് ലക്ഷ്യങ്ങൾ. |
| സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്? | സി) വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ